# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

97-ാം ഭരണഘടനാഭേദഗതി സഹകരണനിയമത്തിൽ വരുത്തുന്ന മാറ്റം

2351 ശ്രീ. വി. ഡി. സതീശൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' സി. പി. മുഹമ്മദ്
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ 97-ാം ഭേദഗതി അനുസരിച്ച് എന്തെങ്കിലും മാറ്റങ്ങൾ സഹകരണനിയമത്തിൽ വരുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇത് സംബന്ധിച്ച നിയമ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>സഹകരണനിയമം</u>

2352 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുളള സഹകരണനിയമത്തിലും അനുബന്ധചട്ടങ്ങളിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ നിയമഭേദഗതി ബാധിക്കുമെന്നതിനാൽ ഈ വിഷയത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം ആരായാൻ തയ്യാറാകുമോ;

(സി) നിലവിലുള്ള നിയമത്തിൽ എന്തൊക്കെ ഭേദഗതികളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ആശ്വാസ് -2012 പദ്ധതി

2353 ശ്രീ. ഹൈബി ഈഡന്‍
,, അന്‍വര്‍ സാദത്ത്
,, ഷാഫി പറമ്പില്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ സംഘങ്ങളില്‍ നിന്ന് വായ്പ എടുക്കുന്നവര്‍ക്കായി ആശ്വാസ് -2012 പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) എന്തെല്ലാം ഇളവുകളാണ് വായ്പ എടുത്തവര്‍ക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്: വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 13.02.2013–ലെ മറുപടിക്ക്

പുതിയ സഹകരണ നിയമം

2354 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിലും ഘടനയിലും എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പുതിയ സഹകരണനിയമം വരുന്നതോടുകൂടി സഹകരണസംഘങ്ങളെ ശക്തിപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സഹകരണസംഘങ്ങളുടെ പ്രവര്‍ത്തനം സുതാര്യമാക്കല്‍</u>

2355 ശ്രീ.തോമസ് ഉണ്ണിയാടന്‍
'' റ്റി.യു. കുരുവിള
'' സി. എഫ്. തോമസ്
'' മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ സഹകരണസംഘങ്ങളുടെയും പ്രവര്‍ത്തനം അഴിമതി രഹിതമാക്കുന്നതിനും ചെലവ് ചുരുക്കി ജനങ്ങള്‍ക്ക് കൂടുതല്‍ ഉപകാരപ്രദമാക്കുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണസംഘങ്ങളില്‍ നടക്കുന്നതായി പറയപ്പെടുന്ന സ്വര്‍ണ്ണപ്പണയ തട്ടിപ്പുകള്‍ ഉള്‍പ്പടെയുള്ള പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിനും സാധാരണക്കാര്‍ക്ക് കൂടുതല്‍ ഗുണകരമാകുന്ന നിലയില്‍ പ്രവര്‍ത്തനങ്ങള്‍ സുതാര്യമാക്കുന്നതിനും എന്തൊക്കെ നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സഹകരണ ഓഡിറ്റിംഗ്</u>

2356 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ഏതുവർഷം വരെ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ബി) സംഘങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സാഹിത്യപ്രവർത്തകസഹകരണ സംഘം</u>

2357 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വവിജ്ഞാനകോശത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ എറണാകുളം ഓഫീസിൽ താൽക്കാലിക ജീവനക്കാരനായ ആർ. ഗോപാലകൃഷ്ണൻ പതിനഞ്ചു ലക്ഷത്തോളം രൂപ കൈപ്പറ്റുകയും ഇതിന്മേലുള്ള വൗച്ചറുകൾ സെറ്റിൽ ചെയ്യാതിരിക്കുകയും ചെയ്തതിനെക്കുറിച്ച് സംഘത്തിന്റെ 1990-91 -ലെ ആഡിറ്റ് റിപ്പോർട്ടിലെ ന്യൂനതാസംഗ്രഹത്തിൽ പരാമർശമുണ്ടായിട്ടും സഹകരണവകുപ്പ് വേണ്ട നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ആഡിറ്റ് ന്യൂനതാസംഗ്രഹത്തിൽ വ്യക്തമായ പരാമർശമുണ്ടായിട്ടും കണക്ക് സെറ്റിൽ ചെയ്യുവാൻ ഉത്തരവാദിത്വം ഉള്ള വ്യക്തി രണ്ടു ദശാബ്ദം കഴിഞ്ഞിട്ടും ഇത് സെറ്റിൽ ചെയ്യാത്തതിനെക്കുറിച്ച് അന്വേഷിക്കാത്തതെന്തുകൊണ്ട്;

(സി) കണക്കുകൾ സെറ്റിൽ ചെയ്യാൻ ബാദ്ധ്യതയുള്ള ഈ വ്യക്തിക്കെതിരെ സിവിൽ, ക്രിമിനൽ കേസ്സുകൾ ഫയൽ ചെയ്ത് സഹകരണനിയമപ്രകാരം സർച്ചാർജ്ജ് ചുമത്തി തുക ഈടാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്
<u>കാര്‍ഷികവായ്പയ്ക്ക് കേന്ദ്രസഹായം</u>

2358 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷികവായ്പയ്ക്ക് 3% പലിശ ഇളവ് നല്‍കുന്ന (ഇന്ററസ്റ്റ് സബ്‌വെന്‍ഷന്‍) കേന്ദ്രസഹായം ചില സഹകരണ ബാങ്കുകള്‍ അട്ടിമറിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കര്‍ഷകര്‍ക്ക് ലഭിക്കേണ്ട കോടികളുടെ സഹായം 'സസ്പെന്‍സ് ലയബിലിറ്റി' അക്കൗണ്ടുകളിലായി ചില സഹകരണബാങ്കുകളില്‍ സൂക്ഷിച്ചിരിക്കുന്ന ഈ അവസ്ഥ അന്വേഷിച്ച് വേണ്ട നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സഹകരണ ബാങ്ക് വഴി കാർഷിക വായ്പ</u>

2359 ശ്രീ. എ.എ.അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ ഏതൊക്കെ തരം ബാങ്കുകൾ വഴി കാർഷിക വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകളിൽ ഒരു നിശ്ചിത ശതമാനം വായ്പ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പയായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ കാർഷിക-ഗ്രാമവികസന ബാങ്ക്</u>

2360 ശ്രീ. വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക-ഗ്രാമവികസന ബാങ്ക് നടപ്പുസാമ്പത്തികവർഷത്തിൽ എന്തെല്ലാം കാര്യങ്ങളാണു ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) നടപ്പുസാമ്പത്തികവർഷം എത്ര കോടി രൂപയുടെ വായ്പ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കാർഷികാനുബന്ധപ്രവർത്തനങ്ങൾക്കും ഗ്രാമീണവ്യവസായങ്ങൾക്കും എത്ര കോടി രൂപയാണ് വായ്പ നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന കാർഷികവികസന ബാങ്കിന്റെ കടം</u>

2361 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷികവികസന ബാങ്കിന്റെ കടം എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കടം എഴുതിത്തള്ളേണ്ടിവന്ന സാഹചര്യം എന്തായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കോടി രൂപയാണ് ഈയിനത്തിൽ എഴുതിത്തള്ളിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഗ്യാരന്റി കമ്മീഷൻ കുറയ്ക്കുന്നതിനെക്കുറിച്ചു തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഇതുമൂലം ബാങ്കിന്റെ ഇടപാടുകാർക്ക് എന്തെല്ലാം പ്രയോജനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>കാര്‍ഷിക കടങ്ങള്‍ക്ക് മോറട്ടോറിയം</u>

2362 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കാര്‍ഷിക കടങ്ങള്‍ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചതിലൂടെ എന്ത് തുക പലിശയിനത്തില്‍ എഴുതിത്തള്ളുമെന്ന് കണക്കാക്കിയിണ്ടോ; ഉണ്ടെങ്കില്‍ എത്ര;

(ബി) ബജറ്റില്‍ നിന്നും എന്ത് തുക നടപ്പ് സാമ്പത്തിക വര്‍ഷത്തില്‍ ഈയിനത്തില്‍ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സഹകരണബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിലെ നിബന്ധനകൾ</u>

2363 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വസ്തു ഈട് നൽകി വായ്പ എടുക്കുന്നതിന് വസ്തു സംബന്ധമായ ഏതെല്ലാം രേഖകൾ ഹാജരാക്കണം; വിശദമാക്കുമോ;

(ബി) പ്രസ്തുത വായ്പയ്ക്ക് വസ്തുവിന്റെ മുൻ പ്രമാണത്തിന്റെ അസ്സൽ രേഖതന്നെ വേണമെന്ന് നിർബന്ധമുണ്ടോ;പകരം രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്വീകരിക്കുമോ;

(സി) ഒറിജിനൽ രേഖ തന്നെ ഹാജരാക്കേണ്ടതുണ്ടെങ്കിൽ ഒന്നിലധികം പേരുടെ വസ്തുവിന് ഒരേ മുൻപ്രമാണം വരുന്ന സാഹചര്യത്തിൽ ഇതെങ്ങനെ സാദ്ധ്യമാവും; വിശദമാക്കുമോ;

(ഡി) ഒരു വ്യക്തി അദ്ദേഹത്തിന്റെ പേരിൽ പ്രമാണം ചെയ്ത വസ്തു ഈട് നൽകി വായ്പ എടുക്കുമ്പോൾ അദ്ദേഹത്തിന്റെ മറ്റു സഹോദരങ്ങളുടെ പ്രമാണങ്ങൾ ഹാജരാക്കേണ്ടതുണ്ടോ;

(ഇ) ഇങ്ങനെ വരുമ്പോൾ ഒരു സഹോദരൻ മറ്റ് ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെങ്കിൽ മറ്റു സഹോദരങ്ങൾക്ക് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കാൻ സാധിക്കാതെ വരില്ലേ:

(എഫ്) മറ്റ് ദേശസാൽകൃത ബാങ്കുകളിൽ മുൻപ്രമാണം സംബന്ധിച്ച് ഒറിജിനൽ വേണമെന്ന നിബന്ധന നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ സംസ്ഥാന സഹകരണ ബാങ്കിൽ മാത്രം ഈ നിബന്ധന നിലനിൽക്കുന്നതെന്തുകൊണ്ടാണ്; വിശദമാക്കുമോ;

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

(എച്ച്) ഇതിന്റെ അശാസ്ത്രീയതയും സാധാരണക്കാരന് വായ്പ ലഭിക്കുന്നതിന് ഈ നിബന്ധന വിഘാതമാകുന്നതും കണക്കിലെടുത്ത് ഈ നിബന്ധന മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ഐ) ഇക്കാരണത്താൽ അപേക്ഷകൾ നിരസിക്കുന്ന രീതി പുന:പരിശോധിക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി സഹകരണസംഘങ്ങൾ</u>

2364 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നാദാപുരം മണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>നിക്ഷേപക ഗ്യാരന്റി ബോർഡ്</u>

2365 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിക്ഷേപക ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനവും ഉദ്ദേശ്യ ലക്ഷ്യങ്ങളും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സഹകരണമേഖലയിലെ സാധ്യതകള്‍<br>ഉപയോഗപ്പെടുത്തുന്നതിന് നടപടി</u>

2366 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ പ്രസ്ഥാനങ്ങളുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) കൂടുതല്‍ തൊഴിലവസരങ്ങള്‍ സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട ഉല്‍പ്പന്നങ്ങള്‍ നിര്‍മ്മിച്ച് മിതമായ നിരക്കില്‍ വിതരണം ചെയ്യുന്നതിനും സഹകരണമേഖലയില്‍ പദ്ധതികളാവിഷ്കരിക്കുമോ;

(സി) കാര്‍ഷിക, ചെറുകിട വ്യവസായ മേഖലകളെ പുഷ്ടിപ്പെടുത്തുവാന്‍ നൂതന പദ്ധതികള്‍ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജ്</u>

T2367 ശ്രീ. ഇ. പി. ജയരാജൻ
,, സി. കൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ബാഹ്യസമ്മർദ്ദം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി സഹകരണ സംഘത്തിലെ അംഗത്വം

2368 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യു
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി സഹകരണസംഘത്തിൽ നിലവിൽ എത്ര അംഗങ്ങൾ ഉണ്ട്; ഇതിൽ സംഘം ഭരണസമിതിയുടെ അംഗീകാരം നേടിയിട്ടില്ലാത്ത അംഗങ്ങൾ എത്രയാണ്;

(ബി) പ്രസ്തുത സംഘത്തിൽ ഏതെല്ലാം ഭരണസമിതികളുടെ കാലയളവിൽ എത്ര അംഗങ്ങളെ പുതുതായി ചേർത്തിട്ടുണ്ട്; എല്ലാ അംഗത്വവും അതത് കാലത്തെ ഭരണസമിതി യോഗത്തിന്റെ അംഗീകാരം നേടിയിട്ടുള്ളതാണോ;

(സി) ഏതെല്ലാം കാലയളവിലെ അംഗത്വങ്ങളാണ് ഭരണസമിതി യോഗത്തിന്റെ അംഗീകാരം നേടിയിട്ടില്ലാത്തതെന്ന് വിശദമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് യു.ഡി.എഫ്. ഏകോപനസമിതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവിലെ എത്ര അംഗത്വങ്ങൾ റദ്ദ് ചെയ്യാനാണെന്ന് വ്യക്തമാക്കാമോ; പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി സൊസൈറ്റിയിലെ അംഗത്വം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടുനൽകാൻ പ്രത്യേക ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടായിരുന്നുവോ?

# കേരള നിയമസഭ

## 13.02.2013-ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജിലെ ഭരണ സമിതി</u>

2369 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിലെ ഭരണ സമിതിയെ പിരിച്ചുവിടുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(സി) ജനാധിപത്യരീതിയിൽ തെരെഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ഫെഡ് വഴി നിത്യോപയോഗ സാധനങ്ങള്‍</u>

2370 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിപണിയില്‍ ഇടപെട്ട് വിലക്കയറ്റം തടയുന്നതിനുള്ള പ്രവര്‍ത്തനങ്ങള്‍ക്ക് 2012-13 സാമ്പത്തികവര്‍ഷം എന്ത് തുകയാണ് കണ്‍സ്യൂമര്‍ഫെഡിന് നീക്കിവെച്ചിട്ടുള്ളത് ; ഇതില്‍ എന്ത് തുക ഇതുവരെ ചെലവഴിച്ചു ; എന്തെല്ലാം കാര്യങ്ങള്‍ക്ക് ചെലവഴിച്ചു ; വിശദമാക്കുമോ ;

(ബി) കണ്‍സ്യൂമര്‍ഫെഡ് വഴി വിതരണം ചെയ്ത നിത്യോപയോഗസാധനങ്ങളുടെ 2011- മേയ് മാസത്തെ വിലനിലവാര പട്ടിക ലഭ്യമാക്കാമോ ; 2013 ജനുവരി മാസത്തെ വിലനിലവാരപ്പട്ടിക ലഭ്യമാക്കാമോ ;

(സി) ഏതെല്ലാം നിത്യോപയോഗസാധനങ്ങളാണ് സബ്സിഡി നിരക്കില്‍ കണ്‍സ്യൂമര്‍ഫെഡ് വഴി 2011 ഏപ്രില്‍, മേയ് മാസങ്ങളില്‍ വിതരണം ചെയ്തിരുന്നത് ; ഇപ്പോള്‍ ഏതെല്ലാം നിത്യോപയോഗസസാധനങ്ങളാണ് സബ്സിഡി നിരക്കില്‍ വിതരണം ചെയ്യുന്നത് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്
<u>കൺസ്യൂമർ ഫെഡിന് ഭൂമി</u>

2371 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ പ്രവർത്തിക്കുന്നു;

(ബി) പുതുതായി ഏതെല്ലാം മേഖലകളിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു;

(സി) 2006 നു ശേഷം കൺസ്യൂമർ ഫെഡ് പ്രസ്തുത ആവശ്യങ്ങൾക്കായി എവിടെയെല്ലാം ഭൂമി വാങ്ങിയിട്ടുണ്ട്; ഏതെല്ലാം ആവശ്യങ്ങൾക്കാണെന്നും വിശദമാക്കുമോ;

(ഡി) ഭൂമി വാങ്ങുന്നതിനും വില നിർണ്ണയിക്കുന്നതിനുമുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളിൽ നിന്ന് എടുത്ത വായ്പയ്ക്ക് ഇളവ്</u>

2372 ശ്രീ.പി.എ. മാധവൻ
'' വർക്കല കഹാർ
'' പാലോട് രവി
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ശേഷം മരണമടയുന്നവരുടെ വായ്പ ഇളവ് ചെയ്യുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം ഇളവുകളാണ് ഇവർക്ക് ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വീട്ടുമുറ്റത്ത് ഒരു ത്രിവേണി സ്റ്റോർ പദ്ധതി</u>

2373 ശ്രീ. എം. എ. വാഹീദ്
'' ഷാഫി പറമ്പിൽ
'' എ. പി. അബ്ദുള്ളക്കുട്ടി
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീട്ട് മുറ്റത്ത് ഒരു ത്രിവേണി സ്റ്റോർ എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എവിടെയെല്ലാം ഇത്തരം സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(സി) എന്തെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സ്റ്റോറുകൾ വഴി വിൽക്കപ്പെടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; വിശദമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>നന്മ സ്റ്റോറുകളുടെ പ്രവർത്തനം</u>

2374 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇവ നല്ല നിലയിൽ തന്നെയാണോ പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര ത്രിവേണി, നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

തൃശ്ശൂർ ജില്ലാ സഹകരണസംഘങ്ങൾ

2375 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഓരോ സഹകരണ സംഘത്തിന്റെയും പേരും മേൽവിലാസവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

സംസ്ഥാന കാർഷിക വികസന ബാങ്കിനെ ഗ്യാരണ്ടി കമ്മീഷനിൽ നിന്നും ഒഴിവാക്കൽ

2376 ശ്രീ. സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വികസന ബാങ്കിനെ ഗ്യാരണ്ടി കമ്മീഷനിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം വർഷങ്ങളിൽ ബാങ്ക് സർക്കാരിലേയ്ക്ക് നൽകേണ്ട ഗ്യാരണ്ടി കമ്മീഷനാണ് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഗ്യാരണ്ടി കമ്മീഷൻ എങ്ങനെ തീർപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ജില്ലാ സഹകരണ ബാങ്കുകളിലെ ബൈലാഭേദഗതി

2377 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളിലെ ജനറൽ ബോഡി യോഗങ്ങൾ ചേർന്ന് ബൈലാദേദഗതി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോജില്ലയിലും ബൈലാഭേദഗതിക്കു മുമ്പ് എത്ര സഹകരണ സംഘങ്ങൾ വോട്ടർ പട്ടികയിലുണ്ടായിരുന്നു;

(ഡി) ഓരോ ജില്ലയിലും ബൈലാ ഭേദഗതിക്കുശേഷം പുതുതായി എത്ര സംഘങ്ങളെക്കൂടി വോട്ടർപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പുതുതായി ഉൾപ്പെടുത്തിയ സഹകരണ സംഘങ്ങൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും ഉറപ്പുവരുത്തിയാണോ അംഗത്വം നൽകിയത്;

(എഫ്) സഹകരണ ചട്ടങ്ങളും വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിക്കാത്ത സഹകരണ സംഘങ്ങളെ പ്രസ്തുത വോട്ടർപട്ടികകളിൽ നിന്നൊഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലാ സഹകരണ ബാങ്ക് ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാരുടെ തസ്തികകൾ</u>

2378 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ സഹകരണ ബാങ്കിൽ ഡെപ്പാസിറ്റ് കളക്ഷൻ ഏജന്റുമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാരുടെ തസ്തിക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ബാങ്കിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാരുടെ തസ്തിക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

ജില്ലാ സഹകരണബാങ്കുകളിലെ തിരഞ്ഞെടുപ്പ്

2379 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണം പിടിച്ചെടുക്കുവാൻ പ്രവർത്തനമില്ലാത്തതും രജിസ്റ്റർ ചെയ്തതുമായ രണ്ടായിരത്തിലേറെ കടലാസ് സംഘങ്ങളെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(ബി) കോടതി വിധിയും സഹകരണ ചട്ടങ്ങളും മറികടന്ന് നൂറുകണക്കിന് സംഘങ്ങളെ പുറന്തള്ളിയതായി മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 14 ജില്ലാബാങ്കുകളിലുമായി എത്ര സംഘങ്ങൾക്കാണ് സംസ്ഥാനത്ത് ഇപ്പോൾ വോട്ടവകാശം നൽകിയിരിക്കുന്നത്; നേരത്തെ എത്ര പ്രാഥമിക സംഘങ്ങൾക്കാണ് വോട്ടവകാശം ഉണ്ടായിരുന്നത്; വിശദമാക്കുമോ;

(ഡി) നിലവിലെ ബൈലോ പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ തിരഞ്ഞെടുപ്പ് നടത്തിയാൽ എൽ.ഡി.എഫ്. ഭരണസമിതി അധികാരത്തിൽ വരുന്നത് ഒഴിവാക്കാൻ 2012 ഡിസംബർ 7, 9 തീയതികളിൽ ജില്ലാ ബാങ്ക് ജനറൽ ബോഡികൾ ബൈലോ ഭേദഗതി ചെയ്തതായി രേഖ ഉണ്ടാക്കിയത് സംബന്ധിച്ച ആരോപണം ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(ഇ) റിസർവ്വ് ബാങ്ക് നിയോഗിച്ച നബാർഡ് ചെയർമാൻ പ്രകാശ് ബക്ഷി അധ്യക്ഷനായ കമ്മിറ്റി റിപ്പോർട്ട് കേരളത്തിലെ സഹകരണ ബാങ്കിങ് മേഖലയെ തകർക്കാനേ ഉപകരിക്കൂ എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണബാങ്ക് ഭരണസമിതി തിരഞ്ഞെടുപ്പ്</u>

2380 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വായ്പേതരസംഘങ്ങൾക്ക് ജില്ലാ ബാങ്കുകളിൽ വോട്ടവകാശമുള്ള അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വായ്പാസംഘങ്ങളും വായ്പേതരസംഘങ്ങളും പുതുതായി രജിസ്റ്റർ ചെയ്തു; ജില്ലതിരിച്ചു വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ സ്ഥാപനങ്ങളിൽ ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണച്ചുമതല ഏൽപ്പിച്ചു; ജില്ലതിരിച്ചു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ ഭരണസമിതി പിരിച്ചുവിട്ടത്</u>

2381 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ ഭരണസമിതി പിരിച്ചുവിടാനിടയായതിന്റെ കാരണവും സാഹചര്യവും വ്യക്തമാക്കുമോ;

(ബി) ബാങ്കില്‍ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് എന്നു തെരഞ്ഞെടുപ്പ് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുതബാങ്കില്‍ തെരഞ്ഞെടുപ്പു നടത്താനായി തയ്യാറാക്കിയ വോട്ടര്‍ പട്ടികയില്‍ ക്രമക്കേടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍, ആയതു പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികള്‍ എന്തൊക്കെ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ സഹകരണവകുപ്പിന്റെ സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം</u>

2382 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സഹകരണവകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഖാദിയുടെ പ്രചരണം</u>

2383 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദിയുടെ പ്രചരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി ഉൽപ്പന്നങ്ങളുടെ വില്പനയിൽ വർദ്ധനവ് വന്നിട്ടുണ്ടോ;

(സി) ഖാദി ഉൽപ്പന്നങ്ങൾക്ക് ഇളവ് നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം വീതം ഏതൊക്കെ മാസങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം ഖാദി ഉൽപ്പന്നങ്ങൾക്കാണ് ഇളവ് നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഖാദി ഉൽപ്പന്നങ്ങൾക്ക് സബ്സിഡി

2384 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി ഉൽപ്പന്നങ്ങൾക്ക് സർക്കാർ സബ്സിഡിയിനത്തിൽ പ്രതിവർഷം എന്തു തുക ചെലവഴിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) ഖാദി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലാതലമേളകൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മലിനീകരണം പരിഹരിക്കുന്നതിന് വികേന്ദ്രീകൃത സംവിധാനം</u>

2385 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനായി വികേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജനകീയ പങ്കാളിത്തത്തോടെ പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് ഒരു നൂതന പദ്ധതി ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പമ്പയിലെ ഞുണങ്ങാർ റിവർ ട്രീറ്റ്മെന്റ് പദ്ധതി</u>

2386 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പ ശുചീകരണത്തിനായി 2007-2008 ൽ ആരംഭിച്ച പമ്പയിലെ ഞുണങ്ങാർ റിവർ ട്രീറ്റ്മെന്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പമ്പയിലെ മലിനീകരണത്തിന്റെ തോത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി ഇല്ലാതാക്കാൻ ആസൂത്രിത ശ്രമം നടന്നതായി മലിനീകരണ നിയന്ത്രണബോർഡ് മുൻ ചെയർമാൻ പരിസ്ഥിതി വകുപ്പു സെക്രട്ടറിയ്ക്ക് നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റിപ്പോർട്ടിൻമേൽ ഏന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും കേസ് ബഹു:ഹൈക്കോടതിയിൽ നിലവിലുണ്ടോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

മലിനീകരണ നിയന്ത്രണ ബോർഡ്

2387 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുള്ള മലിനീകരണനിയന്ത്രണ സർട്ടിഫിക്കറ്റുകളുടെ കാലാവധി എത്ര വർഷത്തേക്കാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഓരോവർഷം കഴിയും തോറും ഇവ പുതുക്കി നൽകുമ്പോൾ പ്രദേശത്തെ ജനങ്ങളുടെ പരാതികൾ പരിശോധിക്കാറുണ്ടോ;

(സി) റസിഡന്റ്സ് അസ്സോസിയേഷനുകൾ ഇതു സംബന്ധിച്ച് എതിർപ്പ് അറിയിച്ചാൽ ബോർഡ് എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്;

(ഡി) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം പഞ്ചായത്തിൽ റസിഡന്റ്സ് അസ്സോസ്സിയേഷന്റെ എതിർപ്പ് അവഗണിച്ച് ഏതെങ്കിലും പദ്ധതികൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; ഏതു പദ്ധതിയ്ക്ക്; അസ്സോസ്സിയേഷന്റെ പരാതിയിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

അങ്കമാലി നിയോജകമണ്ഡലത്തിലെ തോടുകളിലെ മാലിന്യം

2388 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ കൂടി കടന്നുപോകുന്നതും പെരിയാറിൽ അവസാനിക്കുന്നതുമായ മാഞ്ഞാലിത്തോടും കൈവഴിത്തോടും മലിനീകരിക്കപ്പെടുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മലിനീകരണനിയന്ത്രണനിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾ</u>

2389 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ നാലുവർഷത്തിനിടയിൽ മലിനീകരണനിയന്ത്രണനിയമങ്ങൾ പാലിക്കാത്ത എത്ര സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരിൽ നിയമനടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) ഓരോരുത്തരുടെയും പേരിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?